# അംബാസഡർമാർ അമേരിക്കയിൽ

മധുനായർ

കൊച്ചേരിൽ രാമൻനാരായണൻ വാഷിംഗ്ടണിലെ പുതിയ ഇന്ത്യൻസ്ഥാനപതിയായി അധികാരമേറെറടുത്തിരിക്കുന്നു. വിവിധ രാജ്യങ്ങളിൽനിന്നും വാഷിംഗ്ടണിലേക്കു് നിയമിക്കപ്പെടുന്ന അംബാസഡർമാർ പ്രസിഡണ്ടിനെ കണ്ടു് അധികാരപത്രം സമർപ്പിക്കുവാൻ ചിലപ്പോൾ ആറേഴു് മാസക്കാലം കാത്തിരിക്കേണ്ട അവസ്ഥ മുൻകാലങ്ങളിൽ ഉണ്ടായിട്ടുണ്ടു്. മററു പല രാജ്യങ്ങളേയും അപേക്ഷിച്ചു് അമേരിക്കൻപ്രസിഡണ്ടിന്നു് ജോലി കൂടുതലുള്ളതിനാൽ പുതുതായി വന്നെത്തുന്ന സ്ഥാനപതികളുടെ എണ്ണം ഒരു ഇരുപത്തഞ്ചെങ്കിലും ആകാതെ പ്രസിഡണ്ടു് അവരെ കാണാൻ മിനക്കെടാറില്ല. ഇങ്ങിനെയുണ്ടാകുന്ന 'സ്ഥാനപതിക്കൂട്ടങ്ങളെ' മാസങ്ങൾ കൂടുമ്പോൾ ഒരു അരദിവസം ചിലവാക്കി പ്രസിഡണ്ടു് കണ്ടുവിടുകയാണു് പതിവു്. പല അംബാസിഡർമാർക്കും അഞ്ചു് മിനിട്ടുകളിലും പ്രസിഡണ്ടുമായി സംസാരിക്കാനൊത്തെന്നിരിക്കില്ല. പ്രസിഡണ്ടായിരുന്ന ലിൻഡൻ ജോൺസൺ ഒരു ആഫ്രിക്കൻ ചെറു രാജ്യത്തിന്റെ സ്ഥാനപതിയിൽ നിന്നും അധികാരപത്രം ഏററു വാങ്ങിയിട്ടു് 'പുറത്തേക്കുള്ള വഴി ഇതിലേയാണെന്നുള്ള' ഒരു വാചകം മാത്രം ഉരുവിട്ട സംഭവം ഈ പശ്ചാത്തലത്തിൽ മനസ്സിലാക്കാവുന്നതേയുള്ളൂ.

ഏതായാലും അംബാസഡർ നാരായണനു് പ്രസിഡണ്ടു് കാർട്ടറെ കാണുവാൻ ഒരു മാസംപോലും കാത്തിരിക്കേണ്ടിവന്നില്ല. ഇതിൽ നിന്നും ഇന്ത്യയോടു് കാർട്ടർക്കു് പ്രത്യേക മമത ഉണ്ടെന്നു് വിശ്വസിക്കുന്നതിനേക്കാൾ ജോലി നഷ്ടപ്പെട്ട വൈററ്ഹൗസ് വിടാൻ പെട്ടികളൊക്കെ അടുക്കിക്കൊണ്ടിരിക്കുന്ന കാർട്ടർക്കു് ധാരാളം സമയം ബാക്കിയുണ്ടെന്നു് അനുമാനിക്കുന്നതായിരിക്കും ശരി.

വാർത്താ വിനിമയ സമ്പ്രദായങ്ങളിൽ ഉണ്ടായിരിക്കുന്ന വിപ്ലവം നയതന്ത്ര പ്രതിനിധികളുടെ ഔദ്യോഗിക പ്രാധാന്യത്തിൽ കാര്യമായ ക്ഷതമേല്പിച്ചിരിക്കുന്നു. അത്യാവശ്യ കാര്യം വന്നാൽ അമേരിക്കൻ പ്രസിഡൻറിന്നു് ലോകത്തിലെ മിക്ക രാഷ്ട്രത്തലവന്മാരുമായും സമയം പാഴാക്കാതെ ടെലഫോണിൽ സമ്പർക്കം പുലത്താവുന്നതേയുള്ളൂ.

ഇക്കാരണങ്ങൾകൊണ്ടാകാം റഷ്യ, ബ്രിട്ടൻ, ഫ്രാൻസ് തുടങ്ങിയ രാഷ്ട്രങ്ങൾ അമേരിക്കയിലേക്കയക്കുന്ന സ്ഥാനപതികൾ സ്വന്തം രാഷ്ട്രങ്ങളുടെ വെറും ഒരു ദൂതനല്ലാതായിരിക്കുന്നതു്. മാതൃരാജ്യങ്ങളിലെ രാഷ്ട്രീയാധികാരം ഒരു പരിധിവരെയെങ്കിലും ഇവരെല്ലാം പങ്കിടുന്നുണ്ടു്. കൂടാതെ വാഷിംഗ്ടൺ നഗരത്തിലെ ''പൗവ്വർ സർക്കിളിൽ'' കാര്യമായ സ്വാധീനം ചെലുത്താൻ സഹായിക്കുംവണ്ണം പല അംബാസഡർമാരും വർഷങ്ങളോളം സേവനം ചെയ്താലും തിരിച്ചു വിളിക്കപ്പെടുന്നില്ല. സോവിയററ് യൂണിയന്റെ അംബാസഡർ ഡൊബ്രീസിനിൽ കഴിഞ്ഞ 20 കൊല്ലങ്ങളിലധികമായി ആ നാടിനെ വാഷിംഗ്ടണിൽ പ്രതിനിധീകരിക്കുന്നു. നിക്കാരാഗ്വയുടെ കഴിഞ്ഞ കാലത്തെയൊരമ്പാസഡർ 30 കൊല്ലക്കാലങ്ങളിലധികം വാഷിംഗ്ടണിൽ ജോലി നോക്കി റിക്കാർഡു് സൃഷ്ടിക്കുകയുണ്ടായി.

നെഹറുവിന്റെ കാലശേഷം ഇന്ത്യയിൽ നിന്നും നിയമിക്കപ്പെട്ടുന്ന അംബാസഡർമാരിലധികവും ഫോറിൻ സർവ്വീസിൽ മൂപ്പെത്തുന്ന ഉദ്യോഗസ്ഥന്മാരാണു്. രണ്ടു് തൊട്ടു് മൂന്നു കൊല്ലക്കാലങ്ങൾ നീണ്ടുനിൽക്കുന്ന വാഷിംഗ്ടണിലെ ഫീൽഡ് ഡ്യൂട്ടി കഴിഞ്ഞു് അമേരിക്കൻ പ്രസിഡൻറിനെ അധികാര പത്രം സമർപ്പിക്കുമ്പോൾ മാത്രം ഒരു പ്രാവശ്യം കണ്ടിട്ടു് അവർ തിരിച്ചുപോകുന്നു. വാഷിംഗ്ടണിൽ ഇൻഡ്യയുടെ അമ്പാസഡർ ആരെന്നു ഇൻറർനാഷനൽ റിലേഷൻസ് ഐച്ഛികമായെടുത്തു് ഗവേഷണം തന്നെ നടത്തുന്ന ഒരു അമേരിക്കൻ വിദ്യാർത്ഥിയോടു് ചോദിച്ചാൽ അയാൾക്കു് അതു് അറിയുമായിരിക്കണമെന്നില്ല. അത്ര പരിതാപകരമാണു് വാഷിങ്ങ്ടണിലെ ഇന്ത്യയുടെ നയതന്ത്രകാര്യാലയത്തിന്റെ പ്രവർത്തനരീതി. ആരെങ്കിലും അവിടത്തേക്കു് ഫോൺ ചെയ്താൽ ചില സമയത്തു് ആരും റിസീവർ എടുത്തെന്നു പോലും ഇരിക്കില്ല. ഇതിനെ ച്ചൊല്ലി ആയിരംതവണ സ്ഥലവാസികളായ ഇൻഡ്യക്കാർ പരാതിപ്പെട്ടിട്ടുണ്ടെങ്കിലും ഇന്നും സ്ഥിതി മെച്ചപ്പെട്ടിട്ടില്ല. മസാച്ചുസെററ്സ് അവന്യൂവിൽ സ്ഥിതി ചെയ്യുന്ന ഇൻഡ്യൻ എമ്പസ്സിയായിരിക്കണം വാഷിങ്ങ്ടണിലെ വിദേശ എമ്പസ്സികളിൽ വെച്ചു് ഏററവും പഴക്കം ചെന്ന കെട്ടിടം. അമേരിക്കയിൽ പ്യൂണന്മാരെ നിയമിച്ചിരിക്കുന്ന വേറൊരു ഓഫീസ്സുണ്ടാകുമെന്നു തോന്നുന്നില്ല. താഴത്തെനിലയിലുള്ള കാൻറീനിൽനിന്നും ചായയും മററാഹാരസാധനങ്ങളും മുകളിലത്തെ നിലയിലുള്ള 'സാറന്മാക്കു്' എത്തിച്ചുകൊടുക്കയാണു് ഈ ഭൃത്യന്മാരുടെ ജോലി. അമേരിക്കയിലായാലും ഒരിന്ത്യൻ സ്ഥാപനത്തിലെ കാൻറീനിൽ ഓഫീസർമാർ താഴ്ന്ന ജോലിക്കാരുമായി ഒരുമിച്ചിരുന്നാഹാരം കഴിക്കുന്നതിനെ അധികാരികൾ നിരോധിച്ചിരിക്കുന്നു.

ഈ ഇടക്കാലത്തു് ഇന്ത്യൻ എമ്പസ്സിയിലുണ്ടായ ഒരു സംഭവത്തിനു് ഈ ലേഖകൻ സാക്ഷിയായിരുന്നു. അമേരിക്കയുടെയൊരുൾനാടൻ സംസ്ഥാനത്തുനിന്നും കുറേ സ്കൂൾ കുട്ടികൾ വാഷിംഗ്ടൺ നഗരം കാണാനെത്തിയിരുന്നു. അവരെല്ലാം ഇന്ത്യയെക്കുറിച്ചും പ്രത്യേകിച്ചു് മഹാത്മാഗാന്ധിയെക്കുറിച്ചും ചരിത്രത്തിൽ പഠിക്കുന്നവരാണു്. പലർക്കും ഇന്ത്യ സന്ദർശിക്കുവാനൊക്കുകയില്ലായെന്നതിനാൽ സ്കൂൾകുട്ടികൾ ഇന്ത്യയുടെ ഒരു മാതൃകയെങ്കിലും ദർശിക്കാമെന്ന മോഹത്താൽ ഇന്ത്യൻ എമ്പസ്സിയിൽ എത്തി. മുൻകൂട്ടി അവരുടെ വരവു് അറിയിച്ചിരുന്നിട്ടുകൂടി അവരെ സ്വീകരിക്കുവാൻ എമ്പസ്സിയിൽ ആരും നിയമിക്കപ്പെട്ടിരുന്നില്ല. എമ്പസ്സി ഹാളിൽ എന്തുചെയ്യണമെന്നറിയാതെ പരതിനടന്ന കുട്ടികളുടെ ചോദ്യങ്ങൾക്കു് ഉത്തരം നൽകുവാൻ സ്വമേധയാ തയ്യാറായി വന്നതു് മലയാളിയായ എമ്പസ്സിയുടെ ലൈബ്രേറിയൻ മാത്രം. ഒരു നാൾ അമേരിക്കയുടെ സെനററിലും മററു പൊതുമണ്ഡലങ്ങളിലും വ്യക്തിമുദ്ര പതിപ്പിക്കുവാൻ കഴിവുള്ള ആ പിഞ്ചു പൈതങ്ങളുടെ മനസ്സിൽ ഇന്ത്യയെക്കുറിച്ചു് ആദ്യം ഉണ്ടായ ധാരണ എത്രയോ പരിതാപകരമായിരുന്നു.

അമേരിയ്ക്കൻ പ്രസിഡിഡണ്ടിനെ സ്വാധീനിക്കുവാൻ ശ്രമിക്കുന്നതോടൊപ്പം ക്യാപ്പിററൾഹില്ലിലെ നിയമസഭാസാമാജികരെ പാട്ടിലാക്കുന്നതിന്റെ ആവശ്യം മിക്ക രാജ്യങ്ങളും മനസ്സിലാക്കിയിരിക്കുന്നു. പ്രസിഡണ്ടു് കാർട്ടർക്കു് യൂറേനിയം ഇൻഡ്യക്കു് നൽകുവാൻ സെനററിന്റെ അനുമതി സർവ്വപ്രധാനമായിരുന്നുവെന്നു് ഈയവസരത്തിൽ ഓർമ്മിക്കുന്നതു് ഉചിതമായിരിക്കും. നിയമസഭാസാമാജികരോടു് ക്ലൂപ്തി പുലർത്തുവാൻ പലപ്പോഴും ആദർശധീരതമാത്രം മതിയായിക്കൂടണമെന്നില്ല. ശരിക്കും ഊർജ്ജിതമായ പബ്ലിക് റിലേഷൻസിന്റെ ആവശ്യം ഇവിടെ കാര്യമായി തലപൊക്കുന്നു. നിർഭാഗ്യവശാൽ ഇന്ത്യ ഇക്കാര്യത്തിൽ ഇതുവരെ വളരെ ശോചനീയമായൊരു നിലപാടാണു എടുത്തിട്ടുള്ളതു്.

പല രാഷ്ട്രങ്ങളും പച്ച രാഷ്ട്രീയക്കാരെ അംബാസിഡർമാരായി നിയമിക്കുന്നതു് ഇക്കാര്യം ഓർത്തിട്ടാകണം. ഷായുടെ കാലത്തെ ഇറാനിന്റെ അമേരിക്കൻ അംബാസിഡറായിരുന്ന ആർദ്ദേർഷസഹേദി മിക്ക സെനററർമാരേയും പത്രപ്രവർത്തകരേയും സമ്മാനങ്ങൾകൊണ്ടു് അഭിഷേകംചെയ്യുമായിരുന്നു. അംബാസിഡർ നാരായണൻ സെനററർമാർക്കു് സമ്മാനങ്ങൾ കൊടുത്തില്ലായെങ്കിലും ഇന്ത്യയുടെ കാഴ്ചപ്പാടുകൾ വാഷിംഗ്ടണിലെ പച്ചർസർക്കിളിൽ അവതരിപ്പിക്കുന്നതു് ഉചിതമായിരിക്കും.

> വാഷിംഗ്ടണ്ണിലെത്തുന്ന സ്ഥാനപതിമാർ, അമേരിക്കൻ ഭരണവൃത്തങ്ങളിൽ അവരുടെ സ്വാധീനവും സ്വാധീനമില്ലായ്മയും